(സി) ഓച്ചിറ, ക്ലാപ്പന, കരുനാഗപ്പള്ളി, ആലപ്പാട് എന്നീ ഉപരിതല ടാങ്കുകളുടെ പണി പൂർത്തിയാകാനുണ്ട്. ഇവ 2006 നവംബറോടുകൂടി പൂർത്തീകരിക്കാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു.

(ഡി) ഈ പദ്ധതി എ. ഡി. ബി. സഹായത്തോടെ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത് 2006 ഡിസംബർ മാസത്തോടുകൂടി കമ്മീഷൻ ചെയ്യാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു.

കുടിവെള്ള പദ്ധതിക്ക് അനുമതി

80 [3334] *ശ്രീ. ചെർക്കളം അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുമ്പള പഞ്ചായത്തിലെ ആരിക്കാടി കടവത്ത് ഡിസാലിനേഷൻ കുടിവെള്ള പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര തുകയ്ക്കാണ് അനുമതി നൽകിയതെന്നറിയിക്കാമോ?

ഉത്തരം

(എ) ജലവിഭവ വകുപ്പ് അനുമതി നൽകിയിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

മത്സ്യത്തൊഴിലാളി മേഖലയ്ക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിന് നടപടി

81 [3335] *ശ്രീ. ചെർക്കളം അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം, ഹൊസ്ബെട്ട, കടപ്പുറം, ബങ്കര, മഞ്ചേശ്വരം മത്സ്യത്തൊഴിലാളി മേഖലയ്ക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു;

(ബി) എത്ര തുകയാണ് ഈ പദ്ധതിക്ക് മതിപ്പ് ചെലവ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ പ്രദേശങ്ങളിൽ ജലവിഭവ വകുപ്പ് ഇപ്പോൾ കുടിവെള്ള പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല. പത്താം ധനകാര്യ കമ്മീഷന്റെ ധനസഹായത്തോടെ ബങ്കര-മഞ്ചേശ്വരം, മഞ്ചേശ്വരം-ഹോസ്ബെട്ട് കടപ്പുറം എന്നീ സ്ഥലങ്ങളിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്

LIBRARY ARCHIVES Kerala Legislative Assembly

ചീഫ് എഞ്ചിനീയർക്ക് 22 ലക്ഷം രൂപ ഫിഷറീസ് ഡയറക്ടർ അനുവദിച്ചിട്ടുണ്ട്. അതനുസരിച്ച് ടെണ്ടറുകൾ വിളിക്കുകയും ഏറ്റവും കുറഞ്ഞ നിരക്ക് 34.5% എസ്റ്റിമേറ്റിനെക്കാൾ കൂടുതൽ എന്ന പ്രകാരം ലഭിക്കുകയും ചെയ്തു. അതു പ്രകാരം ആകെ 29,13,920 രൂപ ടി പ്രവൃത്തിക്ക് ആവശ്യമായതിനാൽ നേരത്തെ അനുവദിച്ച 22 ലക്ഷം രൂപയ്ക്കു പുറമേ 7.14 ലക്ഷം രൂപ കൂടി ആവശ്യമായി വരുമെന്ന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ അറിയിക്കുകയുണ്ടായി. എന്നാൽ പത്താം ധനകാര്യ കമ്മീഷൻ അവാർഡിലെ തുകയുടെ അപര്യാപ്തതമൂലം ചെലവ് 22 ലക്ഷത്തിൽ അധികരിക്കാതെ പദ്ധതി നടപ്പിലാക്കാൻ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) 22 ലക്ഷം രൂപ അടങ്കൽ തുകയിൽ നിജപ്പെടുത്തി പണി ഏറ്റെടുക്കാനാണ് അനുവദിച്ചിട്ടുള്ളത്.

ചീക്കോട് ശുദ്ധജലവിതരണ പദ്ധതി

82 [3336] *ശ്രീ. വി. കെ. സി. മമ്മത്കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചീക്കോട് ശുദ്ധജലവിതരണ പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിയുടെ ഗുണഫലം ലഭ്യമാകുമെന്ന് കണക്കാക്കുന്ന ഓരോ പഞ്ചായത്തുകളിലും ഇതുവരെ നടപ്പിലാക്കിയ പ്രവൃത്തികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 10 m വ്യാസമുള്ള കിണറിന്റെയും പമ്പ്ഹൗസിന്റെയും പണി ചാലിയാർ പുഴയുടെ തീരത്ത് ഇരട്ടമുഴി എന്ന സ്ഥലത്ത് 2002 നവംബറിൽ ആരംഭിക്കുകയും മാർച്ച് 2004-ൽ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 900 മി. മീ. വ്യാസമുള്ള 1500 മീറ്റർ CI റോ വാട്ടർ പമ്പിംഗ് മെയിൻ പൂർത്തിയായി. 23 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂതല സംഭരണി പൂർത്തിയായി (ചുള്ളിയോട്). ശുദ്ധീകരണശാലയിലേക്കുള്ള അപ്രോച്ച് റോഡിന്റെ പണി പൂർത്തിയായി. പുതുക്കിയ NIT തയ്യാറാക്കി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

മറ്റു പ്രവൃത്തികൾ ശുദ്ധീകരണശാലയുടെ പ്രവൃത്തി തുടങ്ങിയതിനുശേഷം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly